പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5712

24.05.2017 ൽ മറുപടിയ്ക്ക്

ഹൈപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ. എം. സ്വരാജ്:

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെയും സപ്ലൈകോ ഹൈപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) യും (ബി) യും | മാവേലി സ്റ്റോറുകളുടെയും ഹൈപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നിലവിൽ താഴെപ്പറയുന്നവ നടപ്പിലാക്കി വരുന്നു.<br>പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചു വരുന്നു. സ്ഥല ദൗർലഭ്യം ഉള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനും ആവശ്യനുസരണം സാധനങ്ങൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ വില്പനശാലകളിൽ എത്തിക്കുന്നു. പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി, സൂപ്പർ മാർക്കറ്റ് തലത്തിലും ഓരോ ഔട്ട് ലെറ്റും കേന്ദ്രീകരിച്ച് സാമൂഹ്യ പ്രവർത്തകരും, ജനപ്രതിനിധികളും സപ്ലൈകോയുടെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച്, പൊതുജനങ്ങൾക്ക് പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ആവശ്യമായ സന്ദർഭങ്ങളിൽ ഒരു ഡിപ്പോയിൽ നിന്നും മറ്റു ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും, മേഖലാ |
| (ബി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കാര്യാലയ തലത്തിലും, കേന്ദ്രകാര്യാലയ തലത്തിലും പ്രവർത്തന അവലോകനം കൃത്യമായി നടത്തുന്നു. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വില്പനശാലകളിൽ പരിശോധന നടത്തുന്നു. മാവേലി സ്റ്റോറുകളുടെയും ഹൈപ്പർ മാർക്കറ്റുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ടി വില്പനശാലകളുടെ മാനേജർമാരുടെ അവലോകന യോഗങ്ങൾ ഡിപ്പോ തലത്തിലും മേഖലാ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും യഥാസമയം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ